പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2685

10.07.2015 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുണ്ടോ; എത്ര രൂപയാണ് വായ്പ നൽകുന്നത്; | (എ) അതാതു ബാങ്കുകളുടെ സ്കീം പ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുണ്ട്. വായ്പാ തുക അതാതു ബാങ്കിന്റെ സ്കീമും, കോഴ്സിന്റെ ഫീസ്ട്രക്ചറും പ്രകാരം വ്യത്യസ്തമാണ്. |
| (ബി) കുടുംബ വാർഷിക വരുമാനം എത്ര രൂപ വരെയുള്ളവർക്കാണ് വിദ്യാഭ്യാസ വായ്പയ്ക്ക് അർഹത; വിശദാംശം നൽകുമോ; | (ബി) കുടുംബ വാർഷിക വരുമാനം വിദ്യാഭ്യാസ വായ്പ ലഭ്യമാകാനുള്ള ഒരു മാനദണ്ഡമല്ല. |

(----- 2)

(സി) തിരിച്ചടവ് സംബന്ധിച്ചും പലിശ സബ്സിഡി സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ;

(സി) കോഴ്സ് കാലാവധിക്കുശേഷം പരമാവധി ഏഴ് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണം.

കേന്ദ്ര-സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പലിശ സബ്സിഡി സ്കീം പ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് പലിശയിളവിന് അർഹതയില്ല.

(ഡി) പലിശ സബ്സിഡിക്കുള്ള അർഹത എന്താണ്; അതിനുള്ള അപേക്ഷ എവിടെയാണ് നൽകേണ്ടത്; വിശദാംശം നൽകുമോ?

(ഡി) കേന്ദ്ര പലിശ സബ്സിഡി സ്കീം പ്രകാരം വിദ്യാഭ്യാസ പലിശയിളവിന് അർഹർ താഴെപ്പറയുന്നവരാണ്.

1. പ്രൊഫഷണൽ ഡിഗ്രി തലത്തിലുള്ള കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് അർഹതയുണ്ട്.

2. മാനേജ്മെന്റ് ക്വാട്ട വഴി അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അർഹതയില്ല.

3. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

പലിശ സബ്സിഡിയ്ക്കുള്ള അപേക്ഷ റവന്യൂ അധികാരികൾ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിനോടൊപ്പം വിദ്യാഭ്യാസ വായ്പയെടുത്ത ബാങ്കിൽ സമർപ്പിക്കേണ്ടതാണ്.

(----- 3)

സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പലിശ സബ്സിഡി സ്കീം പ്രകാരം വിദ്യാഭ്യാസ വായ്പ പലിശയിളവിന് താഴെപ്പറയുന്നവർ അർഹരാണ്.

(i) അപേക്ഷകർ തദ്ദേശ സ്വയംഭരണവകുപ്പിന്റെ നടപ്പ് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ നിന്നുള്ള തൊഴിൽരഹിതരായ യുവജനങ്ങൾ ആയിരിക്കണം.

(ii) ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇൻഡ്യൻ ബാങ്കേഴ്സ് അസ്സോസിയേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കാണ് പലിശയിളവിന് അർഹതയുള്ളത്.

(iii) പ്രവേശന തീയതി മുതൽ കോഴ്സ് പാസ്സായശേഷം ഒരു വർഷം കഴിയുന്ന കാലയളവ് വരെയാണ് പലിശ സബ്സിഡി നൽകുന്നത്. ഇതിനുള്ള അപേക്ഷ ജില്ലാ കളക്ടർമാർക്ക് നിശ്ചിത ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

Priya

**സെക്ഷൻ ഓഫീസർ**